## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1923 17/12/2012 - ൽ മറുപടിക്ക്

### ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ചിറയിൽ ഫിഷ് ഹാച്ചറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ചിറയിൽ ഫിഷ് ഹാച്ചറി സ്ഥാപിക്കുന്നതിലേക്ക് എത്ര രൂപ അനുവദിച്ചിരുന്നു; പ്രസ്തുത നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ; | (എ) ആദിച്ചനല്ലൂർ ചിറയിൽ ഫിഷ് ഹാച്ചറി സ്ഥാപിക്കുന്നതിലേയ്ക്ക് 50 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി തുക RKVY "Strengthening of National Fish Seed Farm, Polachira" എന്ന പദ്ധതിയ്ക്കായി വിനിയോഗിക്കുകയുണ്ടായി. മേൽ ഹാച്ചറി നിർമ്മാണ പ്രവൃത്തികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (ബി) ഈ പദ്ധതിക്ക് എതിരെ എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; കേസിന്റെ വിശദാംശം അറിയിക്കുമോ; | (ബി) ഉണ്ട്. ടി ഹാച്ചറിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് മേലുള്ള സ്റ്റേയുമായി ബന്ധപ്പെട്ട കേസിൽ ഫിഷറീസ് വകുപ്പ്, പ്രത്യേക താല്പര്യമെടുത്ത് എതിർ സത്യവാങ്മൂലം നൽകി കേസ് നടത്തി വരികയാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിൽ കുറ്റകരമായ വീഴ്ച ഉദ്യോഗസ്ഥതലത്തിൽ വന്നിട്ടുള്ള വിവരം ശ്രദ്ധിച്ചിട്ടുണ്ടോ; നിലവിലുള്ള കേസുകൾ അവസാനിപ്പിച്ച് പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ സന്നദ്ധമാകുമോ? | (സി) | സ്റ്റേ ഒഴിവായി കിട്ടിയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫിഷറീസ് വകുപ്പും സംയുക്തമായി ടി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ